**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6162** | **09-11-2021 - ൽ മറുപടിയ്ക്ക്**

**നബാർഡിന്റെ സഹായത്തോടെയുള്ള ജലവിതരണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ ജി സ്റ്റീഫൻ | | **Shri Roshy Augustine**<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എല്ലാ ഭാഗങ്ങളിലും വെള്ളം എത്തിക്കുക എന്ന ലക്ഷ്യത്തിനായി കേരള വാട്ടർ അതോറിറ്റി പ്രത്യേക സർവ്വേകൾ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | സംസ്ഥാനത്ത് എല്ലാ ഭാഗങ്ങളിലും വെള്ളം എത്തിക്കുക എന്ന ലക്ഷ്യത്തിനായി നടപ്പിലാക്കുന്ന ജൽ ജീവൻ മിഷൻ ഉൾപ്പെടെയുള്ള വിവിധ കുടിവെള്ള പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനായി സർവ്വേകൾ നടന്നുവരുന്നു. പമ്പിങ് മെയിനുകൾ, ഗ്രാവിറ്റി മെയിനുകൾ, വിതരണ ശൃംഖലകൾ എന്നിവയുടെ ഡിസൈൻ തയ്യാറാക്കുവാനാണ് സർവ്വേ നടത്തുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷവും നടപ്പു സാമ്പത്തിക വർഷവുമായി 63 സർവ്വേകൾ നടത്തിയിട്ടുണ്ട്. എല്ലാ ഗ്രാമീണ ഭവനങ്ങളിലും ശുദ്ധജലം എത്തിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഉണഭോക്താക്കളുടെ എണ്ണവും മറ്റും ശേഖരിച്ചിരിക്കുന്നത് വിവിധ ഗവണ്മെന്റ് വെബ്സൈറ്റുകളിൽ നിന്നും ജല അതോറിറ്റിയുടെ തന്നെ കണക്ഷൻ സംബന്ധമായ വിവരങ്ങളും അവലോകനം ചെയ്താണ്. കൂടാതെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും അതത് പഞ്ചായത്തുകളിലെ വീടുകളുടെ ലിസ്റ്റ് ശേഖരിച്ച് അസിസ്റ്റന്റ് എൻജിനീയർമാരുടെ നേതൃത്വത്തിൽ വാട്ടർ കണക്ഷൻ ഇല്ലാത്ത വീടുകൾ കണ്ടെത്തി കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു . |
| (ബി) | ഗ്രാമ പ്രദേശങ്ങളിൽ നബാർഡിന്റെ സഹായത്തോടെ കെ.ഡബ്ല്യൂ.എ. എത്ര ജലവിതരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു എന്ന് അറിയിക്കാമോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; ഗ്രാമങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ പ്രസ്തുത പദ്ധതികൾ എത്രത്തോളം സഹായകരമാണെന്ന് വിശദമാക്കാമോ; | (ബി) | ഗ്രാമ പ്രദേശങ്ങളിൽ നബാർഡിന്റെ ധന സഹായത്തോടെ കേരള വാട്ടർ അതോറിറ്റി 15 പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന 15 പദ്ധതികൾ വഴി ഏകദേശം 1131797 ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതാണ്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ഗുണനിലവാരമുള്ള കുടിവെള്ളം പായ്ക്ക് ചെയ്ത് പൊതുജനങ്ങൾക്ക് ന്യായമായ വിലയ്ക്ക് നൽകുന്നതിന് കെ.ഡബ്ല്യു.എ. പ്രത്യേക പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | കുപ്പിവെള്ള വിതരണ രംഗത്തെ അനാരോഗ്യ മത്സരങ്ങളും ഗുണനിലവാരത്തകർച്ചയും കണക്കിലെടുത്ത് ജനങ്ങൾക്ക് ഉയർന്ന നിലവാരത്തിലും വിലക്കുറവിലും കുപ്പിവെള്ളം ലഭ്യമാക്കുന്നതിന് വേണ്ടിയാണ് കേരള വാട്ടർ അതോറിറ്റി അരുവിക്കരയിൽ കുപ്പിവെള്ള പ്ലാന്റിന്റെ നിർമ്മാണം ആരംഭിച്ചത്. 2015 ൽ 10 കോടി രൂപയുടെ ഭരണാനുമതി നൽകിയ പദ്ധതി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കേരള വാട്ടർ അതോറിറ്റി മൂന്നു പാക്കേജുകളിലായി പ്രവർത്തികൾ തുടങ്ങി. 2018 ൽ 16 കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകുകയും 22/05/2019 ൽ ഈ മൂന്നു പാക്കേജിലും ഉള്ള പ്രവൃത്തികൾ പൂർത്തിയാക്കുകയും ചെയ്തു. തുടർന്ന് ബി.ഐ.എസ്. പരാമർശിച്ച ചില ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരവെ പ്ലാന്റ് കമ്മീഷൻ ചെയ്യുന്നതിനും അതിനുശേഷമുള്ള ഉത്പാദനവും വിപണനവും അടക്കമുള്ള നടത്തിപ്പ് കൈകാര്യം ചെയ്യുന്നതിനും കേരള സർക്കാരിന്റെ പൂർണ ഉടമസ്ഥതയിലുള്ളതും ജലവിഭവ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നതുമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ (KIIDC) നെ 7 വർഷത്തെ ലീസിന് ഏൽപ്പിച്ചു. ഇതിന്റെ പ്രവർത്തനത്തിന് ആവശ്യമായ ജലവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും വാട്ടർ അതോറിറ്റിയാണ് ലഭ്യമാക്കുന്നത്. ഹില്ലി അക്വ എന്ന് നാമകരണം ചെയ്തിട്ടുള്ള പ്ലാന്റിന്റെ ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി വീഡിയോ കോൺഫറൻസിംഗിലൂടെ 16.01.2021 ന് നിർവ്വഹിച്ചു. |

സെക്ഷൻ ഓഫീസർ

# LIST OF ONGOING WORKS UNDER NABARD

| Sl No. | District | Constituency | Project Name | Executing Office | AS Amount [Rs.in Lakhs] | Population Benefitted |
|---|---|---|---|---|---|---|
| 1 | Kozhikkode | Kalpetta | NABARD-RIDF-XVIII CWSS TO SULTHAN BATHERY, NOOLPUZHA AND MUTTIL PANCHAYATHS IN WAYANAD DISTRICT -PHASE-1 | Kozhikode Project Dn | 4220.00 | 199561 |
| 2 | Idukki | Thodupuzha | NABARD-RIDF-XXII-WATER SUPPLY SCHEME TO VELIYAMATTOM AND ALAKODU [PART] VILLAGES IN IDUKKI DISTRICT (BALANCE WORK) | Kattappana Project Dn | 558.63 | 5591 |
| 3 | Kannur | Peravoor | NABARD -RIDF-XXIII- WSS to Kottiyoor, Kelakam and Kanichar Panchayaths in Iritty Taluk of Kannur District - Phase I | Kannur Project Dn | 3525.00 | 58150 |
| 4 | Palakkad | Kongad | NABARD-RIDF-XXIII-CWSS TO MANNUR, KERALASSERY AND MANKARA PANCHAYATHS IN PALAKKAD DISTRICT | Palakkad Project Dn | 2530.00 | 70636 |
| 5 | Palakkad | Mannarkad | NABARD-RIDF - XXIII- Comprehensive Water Supply Scheme to Agali and adjoining panchayaths in Mannarkkad Taluk in Palakkad district-Phase-I | Palakkad Project Dn | 2500.00 | 84813 |
| 6 | Kottayam | Poonjar | NABARD RIDF XXIV-WSS to Erumely:- Laying distribution system in Zone I(part)& Zone VI - | Kottayam Project Dn | 1260.00 | 15000 |
| 7 | Pathanamthitta | Thiruvalla | NABARD-RIDF-XXIV-CRWSS to Nedumpuram, Niranam, Kadapra and Peringara panchayat in Pathanamthitta district Phase II | Adoor Project Dn | 2000.00 | 34272 |
| 8 | Pathanamthitta | Ranni | NABARD-RIDF-XXIV-WSS to Seethathode & Perunadu Panchayats (Nilackal)-Phase II | Adoor Project Dn | 12000.00 | 146396 |
| 9 | Thiruvananthapuram | Aruvikkara | NABARD RIDF-XXV-CWSS TO VITHURA THOLICODE-Phase II | Trivandrum Project Dn | 3150.00 | 100881 |
| 10 | Thiruvananthapuram | Kovalam | NABARD RIDF-XXV-Water Supply Scheme to Poovar panchayath including fluoride affected areas - supplying & laying distribution net work with 300mm DI K9 to 150mm DI K9 and 110mm to 90mm PVC pipe | Trivandrum Project Dn | 1475.00 | 100056 |
| 11 | Kollam | Kottarakkara | NABARD-RIDF-XXV- WSS to Kulakkada and Pavithreswaram panchayath | Kollam Project Dn | 2931.98 | 25000 |
| 12 | Idukki | Thodupuzha | NABARD RIDF-XXVI - Water Supply Scheme to Muttom, Karimkunnam and Kudayathoor Panchayaths in Idukki District- Phase-I | Kattappana Project Dn | 6114.00 | 37564 |

| | | | | | | |
|---|---|---|---|---|---|---|
| 13 | Kollam | Pathanapuram | NABARD- RIDF-XXVI- Water Supply and distribution to Melila Panchayath in Kollam District- -Supply,laying,testing and commissioning of distribution networks at Zone V | Kollam Project Dn | 1040.10 | 23599 |
| 14 | Kannur | Mattannur | Water supply scheme to Mangattidam Zone III in Mangattidam Panchayath of Thalassery taluk in Kannur disrtict | Koothuparamba Project Sn No2 | 1366.65 | 10741 |
| 15 | Kollam | Kunnathur | NABARD RIDF-XXVII, WSS to Kunnathur, Poruvazhy and Sooranad North Panchayats of Kunnathur Taluk and Thazhava, Thodiyur and Kulasekharapuram Panchayats of Karunagapally Taluk in Kollam District | Kollam Project Dn | 6530.00 | 219537 |
| | | | **TOTAL** | | **51201.36** | **1131797** |